(സി) കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ ഉക അനുവദിച്ചത് സംബന്ധിച്ച വിവരവും വിതരണം ചെയ്ത ഉകയുടെ വിവരവും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ, കരുമുളക്, വെറ്റിലക്കൊടി, റബ്ബർ, ജാതി, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, കാപ്പി, കൊക്കോ, ഗ്രാംപൂ ഇഞ്ചി, മഞ്ഞൾ എന്നീ വിളകൾക്കാണ് പ്രധാനമായും നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. ജില്ല തിരിച്ച് അനുവദിച്ച ഉകയുടെ വിശദാംശം അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.*

(ഇ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (എസ്.ഡി.ആർ.എഫ്.) നിന്നാണ് ധനസഹായം നൽകുന്നത്. എസ്.ഡി.ആർ.എഫ്.-ൽ കൃഷിയ്ക്കായി പ്രത്യേകം ഉക വകയിരുത്തുന്നില്ല.

കർഷകർക്ക് സൗജന്യ വൈദ്യുതി

122 (1526) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കർഷകരാണ് സൗജന്യ വൈദ്യുതിക്ക് അർഹരായുള്ളവരെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത് പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡവും പ്രതിമാസ വൈദ്യുതിചാർജ്ജ് വൈദ്യുതി ബോർഡിന് നൽകുന്നതിനുള്ള സംവിധാനവും എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; നിലവിൽ പ്രസ്തുത ഇനത്തിലുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി വകുപ്പിന്റെ സൗജന്യ വൈദ്യുതി പദ്ധതി ആനുകൂല്യത്തിന് നെൽകർഷകർക്ക് ഭൂ പരിധിയില്ലാതെ അർഹതയുണ്ട്. കരഭൂമിയിൽ 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾ കൃഷി ചെയ്യുന്ന കർഷകരും പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

(ബി) ഉണ്ട്.

(സി) കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം കെ.എസ്.ഇ.ബി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു :

(i) 30 സെന്റിൽ കുറയാതെ കൃഷി ഭൂമി ഉള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവരുമായ വ്യക്തികൾക്ക്.

(ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക്

(iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർക്ക്.

കാർഷിക വൈദ്യുതി സൗജന്യ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി ഭവൻ മുഖേന ബന്ധപ്പെട്ട വൈദ്യുതി ബോർഡ് ഓഫീസിലേക്ക് നൽകിവരുന്നു. പദ്ധതി പ്രകാരം കൃഷി ഭവനിൽനിന്നും അംഗീകരിച്ചിട്ടുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ചുള്ള ഇൻവോയ്സ് ബന്ധപ്പെട്ട വൈദ്യുതി ബോർഡ് സെക്ഷൻ തയ്യാറാക്കി കൃഷി ഭവനിൽ നൽകുകയും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇത് മാറി വൈദ്യുതി ബോർഡിലേക്ക് നൽകുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്.

(ഡി) 1. ജി.ഒ.(എംഎസ്.) 311/95/കൃഷി തീയതി 31-8-1995

2. ജി.ഒ.(എംഎസ്.) 235/98/കൃഷി തീയതി 31-10-1998

3. ജി.ഒ.(എംഎസ്.) 30/99/കൃഷി തീയതി 4-2-1999

4. ബി.ഒ.എഫ്.ബി. 2763/06 ഡി.പി.സി1/സിജി(1)/113/05 തീയതി 6-11-2006 എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

നിലവിൽ പ്രസ്തുത ഇനത്തിൽ ജില്ല തിരിച്ചുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	കടിശ്ശിക തുക (ലക്ഷം)
തിരുവനന്തപുരം	ഇല്ല
കൊല്ലം	ഇല്ല
പത്തനംതിട്ട	0.82
ആലപ്പുഴ	91.64
കോട്ടയം	ഇല്ല
ഇടുക്കി	ഇല്ല
എറണാകുളം	10.00
തൃശ്ശൂർ	270
പാലക്കാട്	195.83
മലപ്പുറം	27.00
കോഴിക്കോട്	9.25
വയനാട്	25.47
കണ്ണൂർ	3.1
കാസർഗോഡ്	ഇല്ല

കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ചാർജ്ജ്

123 (1529) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ചാർജ്ജ് വർദ്ധന കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ കഴിയാത്തപക്ഷം കൂടിയ വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പ് മുഖേന കർഷകർക്ക് തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly